**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:07.10.2025**

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ രാജ്യസഭാ കക്ഷി നേതാക്കളുമായി നടത്തുന്ന കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
2. ശബരിമല സ്വർണപ്പാളി വിഷയത്തിൽ നിയമസഭയിൽ തുടർച്ചയായ രണ്ടാം ദിവസവും പ്രതിപക്ഷ പ്രതിഷേധം. സഭ ഇന്നത്തേക്ക് പിരിഞ്ഞു.
3. സ്വർണപാളി വിഷയത്തിൽ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിനെ സസ്പെൻഡ് ചെയ്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ്.
4. തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ വാർഡുകൾ നിശ്ചയിക്കാനുള്ള നറുക്കെടുപ്പ് സംസ്ഥാനത്ത് ഈ മാസം 13 മുതൽ 21 വരെ നടക്കും.
5. ദാദാസാഹിബ് ഫാൽക്കേ പുരസ്കാര ജേതാവ് മോഹൻലാലിന് ആദരം നൽകി ഇന്ത്യൻ കരസേന.

RNJ TVPM

6. 2025 ലെ ഭൗതികശാസ്ത്ര നൊബേൽ പുരസ്കാരം മൂന്ന് ശാസ്ത്രജ്ഞർ പങ്കിട്ടു. ക്വാണ്ടം ഫിസിക്സുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾക്കാണ് പുരസ്കാരം.

❁❁❁❁❁❁❁❁❁❁❁❁❁

**<u>ഉപരാഷ്ട്രപതി</u>**

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ രാജ്യസഭയിലെ കക്ഷി നേതാക്കളുമായി നടത്തുന്ന കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. രാജ്യസഭാ അധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം നടത്തുന്ന ആദ്യ ഔപചാരിക കൂടിക്കാഴ്ചയാണിത്. അടുത്ത മാസം ആരംഭിക്കുന്ന പാർലമെൻറിൻറെ ശൈത്യകാല സമ്മേളനത്തിൽ സഭാനടപടികൾ സുഗമമാക്കുന്നതിൻറെ

മുന്നോടിയായാണ് കൂടിക്കാഴ്ച. മന്ത്രിമാരായ ജെ.പി നഡ്ഡ, അർജുൻ റാം മേഘ്വാൾ, എൽ. മുരുഗൻ, പ്രതിപക്ഷ നേതാക്കളായ പ്രമോദ് തിവാരി, ജോൺ ബ്രിട്ടാസ്, തിരുച്ചി ശിവ, ഗോപാൽ യാദവ്, സഞ്ജയ് സിങ്ങ് തുടങ്ങിയവർ പാർലമെൻറ് മന്ദിരത്തിൽ നടക്കുന്ന യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**<u>നിയമസഭ</u>**

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ നിയമസഭയിൽ തുടർച്ചയായ രണ്ടാം ദിവസവും പ്രതിപക്ഷ പ്രതിഷേധം. നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാവിലെ ചോദ്യോത്തരവേള ആരംഭിച്ചത് മുതൽ പ്ലക്കാർഡുകളും ബാനറുകളുമായി പ്രതിപക്ഷം സഭയുടെ നടുത്തളത്തിലിറങ്ങി. പ്രതിപക്ഷ ബഹളം കാരണം ചോദ്യോത്തര വേള തടസ്സപ്പെട്ടു. സ്വർണ്ണപ്പാളി വിഷയം ചർച്ച ചെയ്യാൻ

സർക്കാർ തയ്യാറാണെന്ന് സ്പീക്കർ വ്യക്തമാക്കിയെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ, നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു. പ്രതിപക്ഷ ബഹളത്തിനിടെ വിവിധ ബില്ലുകൾ സഭ പാസ്സാക്കി

❁❁❁❁❁❁❁❁❁❁❁❁❁

## മുരാരി ബാബു

ശബരിമല സ്വർണപാളി വിഷയത്തിൽ ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബുവിനെ സസ്പെൻഡ് ചെയ്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ്. 2019ൽ ദ്വാരപാലക ശിൽപത്തിലെ സ്വർണപാളി അറ്റകുറ്റപണികൾക്കായി കൊണ്ടുപോയപ്പോൾ മഹസറിൽ ചെമ്പ് തകിട് എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാണ് സസ്പെൻഷൻ. നിലവിൽ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറാണ് മുരാരി ബാബു. ഉദ്യോഗസ്ഥന് വീഴ്ചയുണ്ടായി എന്ന ദേവസ്വം വിജിലൻസ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. സംഭവത്തിൽ കുറ്റക്കാരായ എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ നടപടി സ്വീകരിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ് പ്രശാന്ത് പറഞ്ഞു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## സംവരണ വാർഡുകൾ (ഇൻട്രോ)

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ വാർഡുകൾ നിശ്ചയിക്കാനുള്ള നറുക്കെടുപ്പ് ഈ മാസം 13 മുതൽ 21 വരെ നടത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

<u>മോഹൻലാലിനെ ആദരിച്ച് കരസേന.</u>

ദാദാ സാഹേബ് ഫാൽക്കെ പുരസ്കാര ജേതാവായ നടൻ മോഹൻലാലിനെ ആദരിച്ച് ഇന്ത്യൻ കരസേന. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയാണ് ടെറിറ്റോറിയൽ ആർമി ലെഫ്റ്റനൻറ് കേണൽ കൂടിയായ ശ്രീ മോഹൻലാലിനെ ആദരിച്ചത്. സമൂഹത്തിനും സേനയ്ക്കും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ആദരം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

<u>മുഖ്യമന്ത്രി യോഗം</u>

അർജൻറീന ഫുട്ബോൾ ടീമിൻറെ മത്സരവുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഇന്ന് ഉന്നതതലയോഗം ചേർന്നു. നവംബറിൽ കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. സ്റ്റേഡിയം ലോകോത്തര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള അറ്റകുറ്റ പണികൾ ഉടൻ പൂർത്തിയാക്കും. കർശന സുരക്ഷ സംവിധാനങ്ങളാണ് മത്സരത്തിന് ഒരുക്കുക. ഫാൻ മീറ്റ് നടത്താനുള്ള സാധ്യതകളും ചർച്ച ചെയ്തു. മന്ത്രിമാരായ വി. അബ്ദുറഹ്മാൻ, പി. രാജീവ്, എംബി രാജേഷ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

<u>നൊബേൽ പുരസ്കാരം പ്രഖ്യാപിച്ചു</u>

2025 ലെ ഭൗതികശാസ്ത്ര നൊബേൽ പുരസ്കാരം മൂന്ന് ശാസ്ത്രജ്ഞർ പങ്കിട്ടു. ക്വാണ്ടം ഫിസിക്സുമായി ബന്ധപ്പെട്ട നിർണായക കണ്ടെത്തലുകൾക്ക് ജോൺ ക്ലാർക്ക് , മിഷേൽ എച്ച്.ഡവോറെ, ജോൺ എം മാർട്ടിനിസ് എന്നിവരാണ് പുരസ്കാരത്തിന് അർഹരായത്. ചിപ്പ് ഉപയോഗിച്ച് ക്വാണ്ടം ഭൗതികശാസ്ത്ര രംഗത്ത് ഇവർ നടത്തിയ വിപ്ലവകരമായ പരീക്ഷണങ്ങൾ ക്വാണ്ടം കംപ്യൂട്ടർ, സെൻസർ, ക്രിപ്റ്റോഗ്രഫി എന്നിവയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. 11 ദശലക്ഷം സ്വീഡിഷ് ക്രോണറാണ് പുരസ്കാരത്തുക.

❁❁❁❁❁❁❁❁❁❁❁❁❁

## <u>മുഖ്യമന്ത്രി- കോൺക്ലേവ്</u>

ലോകത്തെവിടെയും സുരക്ഷിതമായ കുടിയേറ്റം ഉറപ്പു വരുത്താനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുടിയേറ്റത്തിനു ശ്രമിക്കുന്നവരെ ചൂഷണം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ തവനൂരിൽ പാസ്പോർട്ട് സേവന കേന്ദ്രം ഉടൻ സ്ഥാപിക്കുമെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി അരുൺ കുമാർ ചാറ്റർജി പറഞ്ഞു. ഇതോടെ കേരളത്തിലെ എല്ലാ ലോക്സഭ മണ്ഡലത്തിലും പാസ്പോർട്ട് സേവാ കേന്ദ്രമോ തപാൽ ഓഫീസ് പാസ്സ്പോർട്ട് സേവാ കേന്ദ്രമോ നിലവിൽ വരുമെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

**ജോർജ്ജ് കുര്യൻ**

പി.എം വികാസ് യോജനയ്ക്ക് കീഴിൽ പാലക്കാട് ഐഐടിയ്ക്ക് അനുവദിച്ച പദ്ധതികളുടെ ധാരണാപത്രം നാളെ ഒപ്പുവയ്ക്കും. ന്യൂനപക്ഷ മന്ത്രാലയവും ഐഐടി പാലക്കാടും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ അധ്യക്ഷനാകും. കൊച്ചി സിഫ്നെറ്റിൽ ഫിഷിങ്ങ് ടെക്നോളജി പ്രദർശന ഹാൾ, സ്മാർട്ട് ക്ലാസ് റൂം എന്നിവയുടെ ഉദ്ഘാടനവും ശ്രീ ജോർജ് കുര്യൻ നാളെ നിർവഹിക്കും.

**മുതലപ്പൊഴി -ഇൻട്രോ**

മുതലപ്പൊഴി അഴിമുഖത്തെ മണൽനീക്കം പൂർണതോതിൽ പുനരാരംഭിച്ചു. കണ്ണൂർ അഴീക്കൽ തുറമുഖത്തുനിന്നും മാസങ്ങൾക്ക് മുൻപെത്തിച്ച ചന്ദ്രഗിരി ഡ്രെഡ്ജറിന്റെ കേടുപാടുകൾ തീർത്തതോടെയാണ് മണൽനീക്കം പുനരാരംഭിയ്ക്കാൻ കഴിഞ്ഞത്.

PNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്..**

(വോയിസ്)

**ചുമ മരുന്ന്**

തമിഴ്നാട് കാഞ്ചിപുരത്ത് പ്രവർത്തിക്കുന്ന ശ്രീശൻ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ തമിഴ്നാട് ഡ്രഗ്സ് കൺട്രോളർ എടുത്തിട്ടുള്ള സാഹചര്യത്തിൽ, ഈ കമ്പനിയുടെ എല്ലാ മരുന്നുകളുടെയും വിതരണം കേരളത്തിൽ നിർത്തിവച്ചതായി ആരോഗ്യ മന്ത്രി വീണാ

ജോർജ്. ഗുജറാത്തിലെ റെഡ്നക്സ് ഫാർമസ്യൂട്ടിക്കൽസ് നിർമ്മിച്ച റെസ്പിഫ്രഷ് എന്ന മരുന്നിൻറെ വിതരണവും സംസ്ഥാനത്ത് അടിയന്തരമായി നിർത്തിവയ്പ്പിച്ചു. ഈ മരുന്ന് വിൽപന നടത്തുന്നവർക്കെതിരെ കർശന നടപടിസ്വീകരിക്കും. മരുന്ന് കൈവശമുള്ളവർ ഇത് ഉപയോഗിക്കരുതെന്നും മന്ത്രി അഭ്യർത്ഥിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

<u>ഗവി- കടുവ</u>

പത്തനംതിട്ട ഗവിയിൽ കടുവയുടെ ആക്രമണത്തിൽ പെരിയാർ ടൈഗർ റിസേർവിലെ താത്ക്കാലിക വാച്ചർ കൊല്ലപ്പെട്ടു. രണ്ടു ദിവസം മുമ്പ് ജോലിക്കു പോയ വാച്ചർ അനിൽകുമാർ തിരികെ എത്താത്തതിനെ തുടർന്ന് അന്വേഷിച്ചു പോയ കുടുംബാംഗങ്ങളാണ് ശരീരാവശിഷ്ടങ്ങളും വസ്ത്രങ്ങളും കടുവയുടെ കാൽ പാടുകളും കണ്ടത്. പൊന്നമ്പലമേടിനു സമീപമാണ് ആക്രമണമുണ്ടായത്.

PNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

<u>മഴ</u>

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്തു നിന്ന് മറ്റന്നാൾ കടലിൽ പോകരുതെന്നാണ് നിർദേശം.

☸☸☸☸☸☸☸☸☸☸☸☸☸

## വനിതാ ലോകക പ്പ്

വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇംഗ്ലണ്ടിന് 179 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശിന് 49.4 ഓവറിൽ 178 റൺസ് നേടുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. ഇംഗ്ലണ്ടിൻറെ മറുപടി ബാറ്റിംഗ് ഉടൻ ആരംഭിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## വിമൻസ് ടി20

സീനിയർ വിമൻസ് ടി20 ട്രോഫി ക്രിക്കറ്റിന് നാളെ പഞ്ചാബിൽ തുടക്കം. നാളെ മുതൽ ഒക്ടോബർ 19 വരെയാണ് കേരളത്തിൻറെ മത്സരങ്ങൾ. ഉത്തർപ്രദേശുമായിട്ടാണ് കേരളത്തിൻറെ ആദ്യ മത്സരം. ഇന്ത്യൻ ടീമംഗങ്ങളായ സജന സജീവനും ആശ എസും ടീമിലുണ്ട്. സജനയാണ് ടീം ക്യാപ്റ്റൻ.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . സെൻസെക്സ് 137 പോയിന്റ് ഉയർന്ന് 81,927ലും, നിഫ്റ്റി 31 പോയിന്റ് ഉയർന്ന് 25,108 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കൂടി. പവന് 920 രൂപ കൂടി 89,480 രൂപയും ഗ്രാമിന് 11,185 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

## മീഡിയേഷൻ ഫോർ ദ നേഷൻ

രാജ്യത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ കുറയ്ക്കുന്നതിനായി സുപ്രീം കോടതിയുടെ മീഡിയേഷൻ ആൻഡ്

കൺസിലിയേഷൻ പ്രൊജക്റ്റ് കമ്മിറ്റിയും നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയും സംയുക്തമായി നടത്തിയ 'മീഡിയേഷൻ ഫോർ ദ നേഷൻ' എന്ന 90 ദിവസത്തെ കാമ്പയിന് കേരളത്തിൽ മികച്ച പ്രതികരണം. കാമ്പയിനിലൂടെ 26,549 കേസുകളാണ് മധ്യസ്ഥതക്കായി കണ്ടെത്തിയത്. ഇതിൽ 7,911 കേസുകളിൽ തീർപ്പാക്കി. താലൂക്ക്, ജില്ലാ കോടതികളിലും ഹൈക്കോടതികളിലുമുള്ള തീർപ്പാക്കാത്ത കേസുകൾ ലക്ഷ്യമിട്ടാണ് ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെ നീണ്ടുനിന്ന കാമ്പയിൻ സംഘടിപ്പിച്ചത്.

RNU TVPM